**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4763** **19-03-2025 - ൽ മറുപടിയ്ക്ക്**

# മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തികമേഖലയിൽ ഗണ്യമായ പങ്കുവഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനമോ വിലയിരുത്തലുകളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ മുഖ്യ പങ്ക് വഹിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സംബന്ധിച്ച് പഠിക്കുന്നതിനായി ഓരോ പത്തുവർഷവും കൂടുമ്പോഴും ഫിഷറീസ് വകുപ്പ് സാമൂഹിക -സാമ്പത്തിക സെൻസസ് നടത്തി വരുന്നു. കേരളത്തിലെ കടൽ മേഖലയിലും ഉൾനാടൻ മേഖലയിലും തൊഴിലെടുക്കുന്ന മത്സ്യതൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥയെ സംബന്ധിച്ചാണ് വിവര ശേഖരണം നടത്തുന്നത്. 2023 വർഷത്തിൽ എല്ലാ മത്സ്യതൊഴിലാളി കുടുംബങ്ങളുടെയും 100% GIS (Geographic Information System) അധിഷ്ഠിത വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്. സെൻസസ് റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക-സാമ്പത്തിക-ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കാൻ സഹായകമായി സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം സർക്കാർ സ.ഉ (സാധാ) നം.1009/2019/മതുവ തീയതി 26.12.2019പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പദ്ധതി പ്രകാരം വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഉപഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു |

ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പുനർഗേഹം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷനു സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും G.O (P) No. 130/2021/TAXES തീയതി 20.12.2021 & G.O (P) No. 131/2021/TAXES തീയതി 20.12.2021 (അസാധാരണ ഗസ്റ്റ് S.R.O നം. 962 & 963) എന്നിവ പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുക കൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുനർഗേഹം മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിക്കുന്നതിനുള്ള പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും സ.ഉ.(കൈ) നം. 1/2024/F&P നമ്പർ തീയതി 05.01.2024 സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

പദ്ധതി പ്രകാരം 9098 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4414 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3812 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2446 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 1366 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപള്ളി (20), കൊല്ലം ജില്ലയിൽ QSS കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നീ കെട്ടിട സമുച്ചയങ്ങൾ (ആകെ 390) നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ഇപ്രകാരം 2836 കുടുംബങ്ങളെ(2446+390) പൂർണ്ണമായും പുനരധിവസിപ്പിച്ചിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് 204 ഫ്ലാറ്റുകൾ,

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി ഫേസ് II (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ ഭരണാനുമതി ലഭിച്ച 168 ഫ്ലാറ്റുകളുടെയും വലിയതുറ സെന്റ് ആന്റണീസിൽ ഭരണാനുമതി ലഭിച്ച (24) ഫ്ലാറ്റുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), കാരോട് (24) എന്നിവിടങ്ങളിലായി 120 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തീര പ്രദേശങ്ങളിലെ മത്സ്യതൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി എല്ലാ വർഷവും തീരോന്നതി പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും തുടർ ചികിത്സ നിർദേശവും സൗജന്യ മരുന്ന് വിതരണവും ഫിഷറീസ് വകുപ്പ് മുഖേനെ നടപ്പിലാക്കിവരുന്നുണ്ട്. തീരദേശത്തെ വിദ്യാഭ്യാസ മേഖലയിലെ ഉന്നമനത്തിനായി വിദ്യാഭ്യാസ ആനുകൂല്യവും സ്കോളർഷിപ്പുകളും നല്കിവരുന്നുണ്ട്. മത്സ്യതൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളായ പ്രീ മെടിക്ക് സ്കോളർഷിപ്പ്, പോസ്റ്റ് മെടിക് സ്കോളർഷിപ്പ് എന്നിവയും വിദ്യാതീരം പദ്ധതിയിലൂടെ സൗജന്യ മെഡിക്കൽ എൻടൻസ് കോച്ചിംഗ്, സൗജന്യ സിവിൽ സർവീസ് കോച്ചിംഗ്, NIT/IIT കോച്ചിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്, ഫർണിച്ചർ തുടങ്ങിയവയുടെ വിതരണം എന്നിവയും നടപ്പിലാക്കി വരുന്നു. ദത്തെടുക്കൽ പദ്ധതിപ്രകാരം രക്ഷിതാക്കൾ രണ്ടും രോഗബാധിതരായി കിടപ്പിലായതോ മരണമടഞ്ഞതോ ആയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകി വരുന്നുണ്ട്. കൂടാതെ തൊഴിൽ തീരം പദ്ധതി വഴി മത്സ്യത്തൊഴിലാളി വിഭാഗങ്ങളിലെ തൊഴിലന്വേഷകരായ മുഴവൻ ആളുകളെയും വൈജ്ഞാനിക തൊഴിൽ മേഖലയിൽ എത്തിക്കുന്നതിനും, തൊഴിൽ മേളകൾ ഉൾപ്പടെ നടത്തി ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മത്സ്യബന്ധനം അല്ലാതെ ഒരു തൊഴിൽ ഉറപ്പാക്കാനും അത് വഴി മത്സ്യതൊഴിലാളികളുടെ

സാമൂഹിക സാമ്പത്തിക ഉന്നമനത്തിനും ലക്ഷ്യമിടുന്നു. ജില്ലയിൽ ഫിഷറീസ് വകുപ്പ് നേരിട്ട് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി റസിഡൻഷ്യൽ സ്കൂൾ നടത്തുന്നുണ്ട്. ടി സ്കൂളിൽ എല്ലാ ആധുനിക പഠന സൗകര്യങ്ങളും സൗജന്യമായി നൽകി മികച്ച പഠന നിലവാരം ഉറപ്പാക്കുന്നു. മത്സ്യത്താഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഭാവിയിൽ മികച്ച കോഴ്സുകൾ തെരഞ്ഞെടുക്കാൻ സഹായിക്കും വിധം കരിയർ ഗൈഡൻസ് ക്യാമ്പുകൾ, ബോധവത്കരണ ക്യാമ്പുകൾ എന്നിവ നടത്തുന്നുണ്ട്.

മത്സ്യത്തൊഴിലാളി വനിതകൾക്ക് സാമൂഹിക - സാമ്പത്തിക -ആരോഗ്യ -വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കുവാൻ സഹായകമായി സാഫ് മുഖേന സ്വീകരിച്ച് വരുന്ന പ്രധാന പദ്ധതികൾ താഴെ ചേർക്കുന്നു.

### ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)

മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിരതൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കും. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക്ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. യൂണിറ്റുകളുടെ സുസ്ഥിരനിലനിൽപ്പിനായി പലിശരഹിത റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെന്റ്, ബാങ്ക്ലോണിന് പലിശസബ്സിഡി എന്നീ ഘടകങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

### ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)

മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി

ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു.

**Digital Media & Marketing**

മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള 55 അഭ്യസ്ത വിദ്യരായ വനിതകൾക്ക് ASAP (Additional Skill Acquisition Programme Kerala) മുഖേന Digital Media & Marketing ൽ 3 മാസത്തെ Online Course നൽകി. സാഫ് യൂണിറ്റുകളിൽ 6 മാസത്തെ ഫീൽഡ്തല പ്രായോഗിക പരിശീലനവും നൽകി.

മത്സ്യത്തൊഴിലാളികൾക്ക് സാമൂഹിക- സാമ്പത്തിക- ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനായി ചുവടെപ്പറയുന്ന പദ്ധതികൾ മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നു.

**1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധന സഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി)**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ നൽകിവരുന്നു. പ്രസ്തുത വായ്പ 2018 - 2019

വർഷം മുതൽ പലിശ രഹിതമായിട്ടാണ് നടപ്പിലാക്കിവരുന്നത്.

**2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പ പദ്ധതികൾ**

**a) ടേം വായ്പകൾ**

മത്സ്യത്തൊഴിലാളികൾക്ക് വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകിവരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ ആറ് ശതമാനം പലിശ നിരക്കിൽ മൂന്ന് വർഷ കാലാവധിയിലും സ്വയം തൊഴിൽ സംരഭങ്ങൾക്ക് നൽകുന്ന വായ്പ അഞ്ച് വർഷം കാലാവധിയിലുമാണ് വിതരണം ചെയ്ത് വരുന്നത്.

**b) മൈക്രോഫിനാൻസ് വായ്പ**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും, എൻ.എം.ഡി.എഫ്.സി-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരാമാവധി 60000./- രൂപ വരെ 5 ശതമാനം പലിശ നിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് പ്രസ്തുത വായ്പ നൽകി വരുന്നത്.

**c) പലിശ രഹിത വായ്പ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി പലിശ രഹിത വായ്പ വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പ 10000/ രൂപ ഒരു വർഷ കാലാവധിയിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20000/- രൂപ വിതരണം ചെയ്തുവരുന്നു. പലിശ രഹിത വായ്പയുടെ വിതരണത്തിനാവശ്യമായ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുകയും വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ച് നൽകുകയും

ചെയ്യുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

### d) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു

### e) വിദ്യാഭ്യാസ അവാർഡ് മികവ്

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടുന്നവർക്ക്, വിദ്യാഭ്യാസ അവാർഡ് (ക്യാഷ് അവാർഡും, സ്മരണികയും) നൽകിവരുന്നു.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴി-ലാളികൾക്കായി സാമൂഹിക - സാമ്പത്തിക - ആരോഗ്യ - വിദ്യാഭ്യാസമേഖലകളിൽ പുരോഗതി കൈവരിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

### 1. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷുറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. ഇൻഷുറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

### 2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 1,00,000/- രൂപയാണ്.

**3. വിവാഹ ധനസഹായ പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 25,000/- രൂപയാണ്.

**4. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്, ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 2,000/- രൂപയാണ്.

**5. വാർദ്ധക്യകാല പെൻഷൻ**

വാർദ്ധക്യകാലത്ത് വരുമാന മാർഗ്ഗമൊന്നുമില്ലാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപയാണ്.

**6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ആശ്വാസ ധനസഹായ പദ്ധതി**

അപകടം മൂലം താൽക്കാലികമായി തൊഴിൽ ചെയ്യാൻ കഴിയാതെ വരുന്ന കാലത്തേക്ക് ഉപജീവനത്തിനുള്ള ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പരമാവധി 500/- രൂപയാണ് ധനസഹായം.

**7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി**

മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന

പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയാണ്.

**8. എസ്.എസ് എൽസി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്**

വിദ്യാഭ്യാസ പുരോഗതി നേടുന്നതിന് മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി.

**ക്യാഷ് അവാർഡ് തുക**

1. സംസ്ഥാന തലത്തിൽ എല്ലാ വിഷയങ്ങളിലും A+ നേടുന്നവർക്ക് - 5,000/- രൂപ

2. സംസ്ഥാന തലത്തിൽ 9 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - 4,000/- രൂപ

3. സംസ്ഥാന തലത്തിൽ 8 വിഷയങ്ങളിൽ A+ നേടുന്നവർക്ക് - 3,000/- രൂപ

4. റീജിയണൽ ഫിഷറീസ് ടെക്കനിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) - 3,000/- രൂപ

ക്യാഷ് അവാർഡിനു പുറമെ മെറിറ്റ് സർട്ടിഫിക്കറ്റുകളും, മൊമെന്റോയും നൽകുന്നതാണ്.

**9. കുടുംബ സംവിധാന പദ്ധതി**

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 500/- രൂപയാണ്.

**10. മാരകരോഗ ചികിത്സാ പദ്ധതി**

മാരകരോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ധ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള പരമാവധി ധനസഹായം 50,000/- രൂപയാണ്.

**പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും**

1. ഹൃദ്രോഗം പരമാവധി 50,000/- രൂപ

2. വൃക്കരോഗം പരമാവധി 50,000/- രൂപ

3. ക്യാൻസർ പരമാവധി 50,000/- രൂപ

4. തലച്ചോറിലെ ട്യൂമർ പരമാവധി 50,000/- രൂപ

5. തളർവാതം പരമാവധി 12,000/- രൂപ

6. ചികിൽസിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം പരമാവധി 5,000/- രൂപ

### 11. ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ള രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേ നായ എന്നിവ കടിച്ചതു മൂലവും, തീപ്പൊള്ളലേററും, ഇലക്ട്രിക് ഷോക്കേറ്റു അടിയന്തിര ചികിത്സ വേണ്ടി വരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500/- രൂപ മുതൽ പരമാവധി 5,000/— രൂപ വരെ ധനസഹായം അനുവദിക്കുന്നു.

### 12. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. മത്സ്യത്തൊഴിലാളി വനിതകൾക്കും, മത്സ്യ ത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായം നൽകുന്ന പദ്ധതിയാണിത്. ധനസഹായതുക 750/- രൂപയാണ്.

### 13. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഹയർ സെക്കന്ററി (+2) വൊക്കേഷണൽ ഹയർ സെക്കന്ററി

പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ലഭിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രോത്സാഹന ധനസഹായം 5000/- രൂപയാണ്.

**14. വിധവ പെൻഷൻ**

മത്സ്യത്തൊഴിലാളികളുടെ മരണം മൂലം നിരാലംബരായി തീരുന്ന അവരുടെ ഭാര്യമാർക്ക് ആശ്വാസ ധനസഹായമെന്ന നിലയിൽ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. മത്സ്യബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്ത ശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക ഒരു ഗഡുപോലും കൈപറ്റുന്നതിനുമുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പദ്ധതി പ്രകാരം പ്രതിമാസ പെൻഷൻ തുക 1600/- രൂപ നൽകി വരുന്നു.

**15. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി**

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും , ഗ്രൂപ്പ് അടിസ്ഥാനത്തിലും വിജയം കൈവരിക്കുന്നവർക്ക് ക്യാഷ് അവാർഡും, മെറിറ്റ് സർട്ടിഫിക്കറ്റും, മെമേന്റോയും നൽകുന്നു.

എ) ദേശീയതലത്തിൽ (വ്യക്തിഗതം)

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 10,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 8,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 5,000/- രൂപ

ബി) ദേശീയതലത്തിൽ (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 8,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 5,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 3,000/- രൂപ

സി) സംസ്ഥാനതലത്തിൽ (വ്യക്തിഗതം)

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 5,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 3,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 2,000/- രൂപ

ഡി) സംസ്ഥാനതലത്തിൽ /ഗ്രൂപ്പ് അടിസ്ഥാനത്തിൽ)

ഒന്നാം സ്ഥാനം നേടുന്നവർക്ക് : 3,000/- രൂപ

രണ്ടാം സ്ഥാനം നേടുന്നവർക്ക് : 2,000/- രൂപ

മൂന്നാം സ്ഥാനം നേടുന്നവർക്ക് : 1,000/- രൂപ

**16. ബോർഡിന്റെ പ്രത്യേക ധനസഹായം-**
ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം അനുവദിയ്ക്കുന്നു.

**പ്രത്യേക പദ്ധതികൾ**

**1. തണൽ**

സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ. ഫിഷറീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

**2. സാന്ത്വനതീരം**

മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും, പെൻഷണർമാരുടെയും തുടർ ചികിൽസ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷകരിച്ചു നടപ്പാക്കുന്ന പദ്ധതിയാണ് സാന്ത്വനതീരം പദ്ധതി. ഈ പദ്ധതി പ്രകാരം ഡയാലിസിസ്, കാൻസർ ചികിൽസ, തളർവാതം, കിടപ്പുരോഗം, സ്ത്രീ സംബന്ധമായ രോഗങ്ങൾ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയയ്ക്ക് ശേഷം ഉള്ള ചികിൽസ, കരൾ രോഗത്തിനുള്ള ചികിൽസ, ഓട്ടിസം / മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ചികിൽസ എന്നിവയ്ക്കുള്ള തുടർ ചികിൽസ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. സാന്ത്വനതീരം പദ്ധതിയുടെ വിശദാംശംങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

**മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളികൾക്കുള്ള പുതിയ പദ്ധതികൾ**

1. സർക്കാർ മെറിറ്റ് അടിസ്ഥാനത്തിൽ സീറ്റ് ലഭ്യമാകാത്ത അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ

വിദ്യാഭ്യാസത്തിനായി ധനസഹായം നൽകുന്ന പദ്ധതി MBBS, BDS, BAMS, BHMS, പാരാമെഡിക്കൽ കോഴ്സുകൾ എന്നീ പ്രൊഫഷണൽ മെഡിക്കൽ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭ്യമാകാത്തതിനാൽ സ്വാശ്രയ കോളേജുകളിലോ, വിദേശത്തോപോയി പഠിക്കുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**2. ക്ഷേമനിധി അംഗങ്ങളുടെ ഭാര്യക്കും/ഭർത്താവിനും മൈനറായ കുട്ടികൾക്കും മാരകരോഗം സംഭവിച്ചാൽ ചികിത്സാ സഹായം നൽകുന്നതിനുള്ള പദ്ധതി**

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും കുടുംബത്തിന് മികച്ച ചികിത്സ ഉറപ്പ് വരുത്തുന്നതിനും മാരകരോഗം മൂലമുണ്ടാകാവുന്ന അപ്രതീക്ഷിത സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാവുന്നതിനും വേണ്ടി മത്സ്യഅനുബന്ധത്തൊഴിലാളികളുടെയും ഭാര്യക്കോ ഭർത്താവിനോ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കോ മാരകരോഗ ചികിത്സയ്ക്കായി പരമാവധി 25000 രൂപ വരെ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

**3. ഗ്രന്ഥശാല നവീകരിക്കുന്നതിനുള്ള പദ്ധതി**

ഗ്രന്ഥശാലകൾ നവീകരിക്കുന്നതു വഴി ലക്ഷ്യബോധ്യമുള്ള മത്സ്യത്തൊഴിലാളി സമൂഹത്തെ വാർത്തെടുക്കുന്നതിനും അതുവഴി നാടിന്റെ സാംസ്കാരിക ഉന്നമനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി ഫിഷറീസ് ഓഫീസ് പരിധിയിലെ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലയ്ക്ക് 20,000/- രൂപ വീതം ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു.

**4. മത്സ്യബോർഡിനു വേണ്ടി രക്ഷാസേന രൂപീകരിക്കൽ**

പെട്ടെന്നുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും, അപകട സാധ്യതകളും മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും അപകട സാഹചര്യത്തിൽ പ്രവർത്തിക്കുന്നതിനുമായി രക്ഷാസേനയെ രൂപീകരിക്കുന്ന പദ്ധതിയാണിത് .

**5.മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി**

മത്സ്യബോർഡിന്റെ പദ്ധതി പ്രവർത്തനങ്ങളും, ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങളും മത്സ്യ, അനുബന്ധത്തൊലാളി സമൂഹത്തിൽ എത്തിക്കുന്നതിനും മത്സ്യ, അനുബന്ധത്തൊഴിലാളികളിൽ ആയത് സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. ഓരോ ജില്ലകളിലും പദ്ധതി നടത്തിപ്പിനായി ജില്ലാ അടിസ്ഥാനത്തിൽ 15,000/- രൂപ ബന്ധപ്പെട്ട റീജിയണൽ എക്സിക്യൂട്ടീവിന് അനുവദിക്കുന്നു.

### 6. മത്സ്യബന്ധന യാനങ്ങൾക്കും ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി

അപകടങ്ങളിൽപെടുന്ന യാനങ്ങൾക്കും അവയിലെ ഉപകരണങ്ങൾക്കും ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിനായി മത്സ്യബന്ധനയാനങ്ങൾക്കും, വല തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾക്കും അപകടങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ ഉടമസ്ഥർക്കുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

### 7. കായിക വിനോദ മത്സരത്തിൽ ഉന്നത വിജയം നേടുന്നവർക്ക് തുടർപരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി

സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ വിജയിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക് അംഗീകൃത പരിശീലകനിൽ നിന്നും അംഗീകൃത പരിശീലന സ്ഥാപനത്തിൽ നിന്നും തുടർ പരിശീലനം നേടുന്നതിനായി ഒരു ഗുണഭോക്താവിന് 50,000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

### 8. അന്താരാഷ്ട്ര കായിക മത്സരത്തിൽ പങ്കെടുക്കുന്നതിന് യാത്രാചിലവിനായി ധനസഹായം നൽകുന്ന പദ്ധതി

ക്ഷേമനിധി ബോർഡ് അംഗങ്ങളുടെ മക്കളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കായിക മേഖലയിൽ മികച്ച വിജയം നേടി അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ മികച്ച കായിക പ്രതിഭകൾ യാത്രാചെലവിനത്തിൽ വരുന്ന ഭാരിച്ച

സാമ്പത്തിക ബാധ്യത മൂലം ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്ന അവസരങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത് പരിഹരിക്കുന്നതിനായി ഇത്തരം പ്രതിഭകൾക്ക് യാത്രാചിലവിനായി ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് യോഗ്യത നേടിയ കായിക പ്രതിഭകളുടെ യാത്രാച്ചിലവിനായി പരമാവധി ഒരാൾക്ക് ഒരു ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്.

### 9. അംഗവൈകല്യം സംഭവിച്ച തൊഴിലാളിക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം

മത്സ്യബന്ധനത്തിൽ / അനുബന്ധത്തൊഴിലിൽ ഏർപ്പെടുന്നതിനിടെയുള്ള അപകടത്തിൽ അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് തൊഴിൽ സൌകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതിയിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ധനസഹായം 25,000/- രൂപയാണ്.

### 10. 60 വയസ്സ് കഴിഞ്ഞവരെ ആദരിക്കുന്നതിനുള്ള പദ്ധതി

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിരമിച്ച 60 വയസ്സ് പൂർത്തിയാക്കിയ ക്ഷേമനിധി ബോർഡ് അംഗങ്ങളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ഫിഷറീസ് ഓഫീസിനും പദ്ധതി നടത്തിപ്പിനായി പരമാവധി 10,000/- രൂപ അനുവദിക്കുന്നതാണ്.

### 11. പ്രതിഭകളെ ആദരിക്കുന്ന പദ്ധതി

കലാ, വിദ്യാഭ്യാസ രംഗങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള പ്രതിഭകളെ ആദരിക്കുന്നതിനുള്ള പദ്ധതിയാണിത്. ഓരോ ജില്ലയിലും പദ്ധതി നടത്തിപ്പിനായി പരമാവധി 40,000/- രൂപ അനുവദിക്കുന്നു.

### 12. ചെയർമാന്റെ ദുരിതാശ്വാസ നിധി

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾ മൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലവും ദുരിതമനുഭവിക്കേണ്ടി വരുന്ന മത്സ്യ, അനുബന്ധത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി ബോർഡ് ചെയർമാൻ അനുവദിക്കുന്ന അടിയന്തിര ധനസഹായ പദ്ധതിയാണിത്. പരമാവധി 25,000/- രൂപ അനുവദിക്കുന്നു.

**13. ഫിഷറീസ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ.**

ക്ഷേമനിധി അംഗങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി നിലവിലെ ഫിഷറീസ് ഓഫീസുകളുടെ പരിമിതികൾ പരിഹരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, ഫിഷറീസ് സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്ന പദ്ധതിയാണിത്.

മത്സ്യ വിഭവ സംരക്ഷണവും, മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും മുൻനിർത്തി കെ. എം. എഫ്. ആർ. ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും കെ. എം. എഫ്. ആർ. ചട്ടങ്ങൾ രൂപികരിച്ച് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിൽ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മത്സ്യബന്ധന രീതികൾ KMFR Act, KMFR Rules എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും, മൽസ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും റെജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ 47 ദിവസത്തില് നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് കാലാകാലങ്ങളിൽ നടപ്പിലാക്കിവരുന്നു. ചെറുമത്സ്യങ്ങളെ പിടിച്ച് വളത്തിനും മറ്റുമായി ഉപയോഗപ്പെടുത്തുന്നത് മത്സ്യ ശോഷണത്തിന് ഹേതുവാകും എന്ന് മനസ്സിലാക്കി CMFRI യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മൽസ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് ശക്തമായി നടപ്പിലാക്കി വരുകയും ചെയ്യുന്നു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര്

നിക്ഷേപിക്കുന്ന പദ്ധതി ആരംഭിക്കുകയും തുടർന്നു വരുകയും ചെയ്യുന്നു. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിന് കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മന്റ് കാൺസിലുകൾ രൂപികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽ വന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷിങ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ കൂടി എല്ലാം മത്സ്യത്തൊഴിലാളികൾക്കും സുസ്ഥിരമായ ഒരു മത്സ്യബന്ധനം ഉറപ്പാക്കുകയും അതുവഴി അവരുടെ സാമ്പത്തിക പുരോഗതിയ്ക്ക് സഹായിക്കുകയും ചെയ്യുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുഗമമായ മത്സ്യബന്ധനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യബന്ധന ബോട്ടുകളുടെ ആധുനികവത്കരണ പദ്ധതി നടപ്പിലാക്കിവരുന്നു. മരത്തടിയിൽ നിർമ്മിച്ചതും 40 അടിയിൽ താഴെ മൊത്തം നീളമുള്ളതും, 200 HP യിൽ താഴെ പ്രൊപ്പൽഷനുള്ള സ്റ്റീൽ നിർമ്മിതമായതും ആയ ചെറിയ യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾ ഘട്ടം ഘട്ടമായി മാറ്റുന്നതിന്/നവീകരിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. സ്വന്തം നിലയിൽ മത്സ്യബന്ധന യാനങ്ങൾ മാറ്റുന്നതിനോ നവീകരിക്കാനോ കഴിയാതെ ദൈനംദിന ഉപജീവനത്തിനായി ഇത്തരം മത്സ്യബന്ധന യാനങ്ങൾ ഉപയോഗിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രയോജനം ചെയ്യും. പദ്ധതി പ്രകാരം 50% നിരക്കിൽ പരമാവധി 15.00 ലക്ഷം രൂപ വരെ ഒരു യൂണിറ്റിന് സബ്സിഡി നൽകും. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ ആധുനിക യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക

എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRP യാനങ്ങൾ, എഞ്ചിൻ, വല എന്നിവ വിതരണം ചെയ്യുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി 520 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

പരമ്പരാഗത മത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസന്ധികളിൽ ഏറ്റവും പ്രധാനം മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന എഞ്ചിനുകൾക്കാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവും വിലവർദ്ധനയും മലിനീകരണവുമാണ്. ഈ സാഹചര്യം മറികടക്കുന്നതിന് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം LPG ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ LPG കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ LPG കിറ്റുകൾ വിതരണം ചെയ്യുകയും LOT അടിസ്ഥാനത്തിലുള്ള LPG കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിയതിന്റെ ഭാഗമായി വിതരണോദ്ഘാടനം 22.01.2023 ന് നിർവഹിച്ചു. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് ലഭ്യമായതനുസരിച്ച് LPGഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്ന് എല്ലാ ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടിരിക്കുന്നു. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21.01.2023 ന് LPG എഞ്ചിൻ ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ

എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 55 ലക്ഷം രൂപയുടെ (2023-24 സാമ്പത്തിക വർഷം) ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് മുഖാന്തരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% പരമാവധി 50,000/- രൂപ) സബ്സിഡിയോടുകൂടി പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം മത്സ്യഫെഡ് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ 377 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഒ.ബി.എമ്മുകളും ഘട്ടം ഘട്ടമായി എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഒ.ബി.എമ്മുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള അധിക വിഭവങ്ങൾ പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനു അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും 75% സബ്സിഡി നൽകുന്ന പദ്ധതി 2023-24 ൽ നടപ്പിലാക്കി, 114 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായി.

Motorisation of Country Crafts പദ്ധതിയിൽ ഉൾപെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എൻജിൻ വാങ്ങുന്നതിനു പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പാക്കി വരുന്നു. കൂടാതെ Subsidy for suitable components for Fishing Gear പദ്ധതിയിൽ ഉൾപെടുത്തി മത്സ്യത്തൊഴിലാളികൾക്ക് വല വാങ്ങുന്നതിന് മത്സ്യഫെഡ് മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സമുദ്രജീവികളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക

വെല്ലുവിളികൾ കുറയ്ക്കുന്നതിനും അതിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിനുമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 2011-12 സാമ്പത്തിക വർഷം മുതൽ വിവിധ തീരപ്രദേശങ്ങളിൽ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി ആകെ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ച് കഴിഞ്ഞു. തുടർന്ന് 2023-24 സാമ്പത്തിക വർഷം "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ 150 മോഡ്യൂളുകൾ വീതം ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ" എന്ന PMMSY പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 60% ആയ 17.856 കോടി രൂപ കേന്ദ്ര വിഹിതവും 40% ആയ 11.904 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 25.8285 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 60% ആയ 15.4971 കോടി രൂപ കേന്ദ്ര വിഹിതവും 40% ആയ 10.3314 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. കൂടാതെ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയോടനുബന്ധിച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം)

| | | | |
|---|---|---|---|
| | | | പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/ കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസവ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപ്പിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ മത്സ്യകുഞ്ഞുങ്ങൾ കൂടി ആകുമ്പോൾ മേൽ പ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേട്ട കൂടാതെ സൂക്ഷിക്കുന്നതിനും കേടാകാത്ത മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 75% സബ്സിഡിയോടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നാളിതുവരെ 3014 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. 97 എണ്ണം ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ കൂടി വിതരണം ചെയ്യുന്നതിന് മത്സ്യഫെഡിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. മത്സ്യം കേടാകാതെ വില്പന നടത്താൻ കഴിയുന്നതുവഴി മത്സ്യത്തിന് നല്ല വില ലഭിക്കുകയും ആയത് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക നില പുരോഗമിക്കാൻ സഹായിക്കുകയും ചെയ്യും.<br><br>കൂടാതെ പൊതു ജലാശയങ്ങളിലെ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി, റിസർവോയർ ഫിഷറീസ് പദ്ധതി, വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതി, അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. |
| (സി) | ഇതിനായി പുതുതായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി Alternative & Supportive Livelihood Opportunity and Empowerment of fisherwomen |

in Kerala പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)
2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)

**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ) )**

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുത്തി ഈ പദ്ധതിയിലൂടെ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കും. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യും. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്ഥിതികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. യൂണിറ്റുകളുടെ സുസ്ഥിരനിലനിൽപ്പിനായി ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

a. ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർമാർക്കറ്റുകൾക്കും കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾക്കും സീ ഫുഡ് റസ്റ്റോറന്റുകൾക്കും 1.50 ലക്ഷം രൂപ വരെ പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു.

b. യൂണിറ്റുകൾക്ക് സാങ്കേതിക വിദ്യ നവീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങുക, യൂണിറ്റ് നവീകരണം എന്നിവയ്ക്കായി 50000 രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റ് നൽകുന്നു.

c. ഗ്രൂപ്പുകൾക്കായി 5 ലക്ഷം രൂപ വരെയുള്ള ബാങ്ക് ലോണിന് 5% പലിശ സബ്സിഡി അനുവദിക്കുന്നു.

d. ആകർഷകമായ പാക്കിംഗിലും ലേബലിംഗിലും യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് Branding & Marketing സംവിധാനം ഒരുക്കുന്നു.

ഗ്രൂപ്പുകളുടെ ഉല്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി മേളകളിലും എക്സിബിഷനുകളിലും പങ്കെടുപ്പിച്ച് അതു വഴി അവരുടെ ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുന്നതിന് സഹായിക്കുന്നു.

യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് Online Marketing & Sale സംവിധാനത്തിൽ കൊണ്ടുവരുന്നതിന് സഹായിക്കുന്നു. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. ഈ യൂണിറ്റുകൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. കൂടാതെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെചേർക്കുന്നു.

**Common Facility Centre & Producer Company**

Fish & Fish Processing, Food & Food Processing, Tailoring & Garments ഉൾപ്പെടുന്ന യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി ഓരോ കാറ്റഗറിക്കും ജില്ലാതലത്തിൽ പ്രത്യേക ക്ലസ്റ്ററുകൾ രൂപീകരിച്ച് യൂണിറ്റുകൾ ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗുണനിലവാരം ഉറപ്പുവരുത്തി ഈ ഉൽപ്പന്നങ്ങൾ Common Facility Centre കളിൽ ശേഖരിക്കുന്നതിനും ഇങ്ങനെ ശേഖരിക്കുന്ന

ഉൽപ്പന്നങ്ങൾ ആകർഷകമായ പാക്കിംഗിലും ബ്രാൻഡിലും വിപണിയിൽ എത്തിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിന് ആവശ്യമായ Technical Support, Managerial assistance, Manpower, Logistics, Branding & Marketing മുതലായ handholding support നൽകുന്നതാണ്. ഓരോ ക്ലസ്റ്ററുകളിലും ഉൾപ്പെട്ട യൂണിറ്റുകൾക്ക് ആവശ്യമായ Skill Upgradation Training കൾ നൽകുന്നതാണ്. Digital marketing, Online sales, Product Promotion എന്നിവ വിപുലപ്പെടുത്തി സാഫ് ഉൽപ്പന്നങ്ങൾ E-Commerce site കളിൽ ലഭ്യമാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഒരു ഓൺലൈൻ സ്റ്റോർ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഉൽപ്പന്നങ്ങളുടെ ബ്രാന്റിംഗും ജനങ്ങളിലേക്ക് എത്തിക്കുന്നതിനും മറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും Buyer Seller Meet കൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**കടൽ കഫെ**

മത്സ്യവിഭവങ്ങൾക്ക് പ്രധാന്യം നൽകിക്കൊണ്ട് ഒരേ ബ്രാൻഡിൽ കടൽ കഫെ എന്ന പേരിൽ ഭക്ഷ്യ വിപണന ശൃംഖല ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. തീരദേശ ജില്ലകളിൽ ഒരു കേന്ദ്രീകൃത കിച്ചൻ സജ്ജമാക്കിക്കൊണ്ട് പ്രധാന ലോക്കേഷനുകളിൽ 25 — 30 Take - away കൗണ്ടറുകൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടുതൽ ഉപഭോക്താക്കളിലേക്ക് കടൽ കഫെ എത്തിക്കുന്നതിന്റെ ഭാഗമായി ആകർഷകമായും ഗുണനിലവാരത്തിലും Take — away കൗണ്ടറുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു.

മത്സ്യബോർഡ് വഴി ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ ചുവടെ ചേർക്കുന്നു.

(അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ )

1. മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളികളിൽ നിന്നും വാർഷിക വിഹിതം സ്വീകരിച്ച് വിരമിക്കുന്ന വേളയിൽ തിരികെ നൽകുന്ന പദ്ധതി. (അടച്ച തുകയുടെ പകുതി ചേർത്ത് തിരികെ നൽകുന്നു)

2. ക്ഷേമനിധി അംഗങ്ങൾക്ക് ആനുകൂല്യം നൽകുന്നതിനായി മത്സ്യബോർഡിലേക്ക് crowd funding, തുടങ്ങിയവയിലൂടെ ധനസമാഹരണത്തിനായുള്ള പദ്ധതി.

| | | | |
|---|---|---|---|
| | | | 3. ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ അക്കൗണ്ടുകളിൽ ചെലവഴിക്കപ്പെടാതെ വിവിധ അക്കൗണ്ടുകളിലായി അവശേഷിക്കുന്ന തുക മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി (9.69 കോടി)<br><br>4. മത്സ്യബോർഡ് ക്ഷേമനിധി അംഗങ്ങൾക്ക് വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച പദ്ധതി (1115 കോടി)<br><br>5. മത്സ്യത്തൊഴിലാളികൾക്ക് മാത്രമുള്ള ചില ക്ഷേമപദ്ധതികൾ അനുബന്ധത്തൊഴിലാളികൾക്കും അനുവദിക്കുന്നതിനുള്ള പദ്ധതി.<br><br>6. ഇൻഷ്വറൻസ് അദാലത്തിൽ പരിഗണിക്കപ്പെട്ട അപേക്ഷകളിൽ ഇൻഷ്വറൻസ് ഗ്രിവൻസ് സെൽ നിരസിച്ച ക്ലെയിമുകൾക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ (98 ലക്ഷം)<br><br>7. മത്സ്യബന്ധനത്തിനിടെ അപകടം മൂലം കാണാതാകുന്ന / മരണപ്പെടുന്ന മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി (പുതുക്കിയത് 4 കോടി രൂപ)<br><br>8. മത്സ്യബന്ധനത്തിനിടെ അപകടം മൂലം കാണാതാകുന്ന / മരണപ്പെടുന്ന മത്സ്യബോർഡിൽ അംഗത്വമില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി (12.5 ലക്ഷം രൂപ)<br><br>9. മത്സ്യബോർഡ് ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിനുള്ള പദ്ധതി (14.7 ലക്ഷം)<br><br>2025-26 സാമ്പത്തിക വർഷം 10 കോടി രൂപ ചെലവിൽ 500 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭവനങ്ങൾ പുനരുദ്ധാരണം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

## ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇൻഷുറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| e | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/– രൂപ വീതം ഒരാൾക്ക് ( പരമാവധി 10,000/– രൂപ) |
| f | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/– (പരമാവധി ) |
| g | ശവസംസ്കാര ചെലവ് | 2,500/–രൂപ |

<u>അനുബന്ധം – II</u>

**സാന്ത്വനംതീരം പദ്ധതിയുടം വിശദാംശങ്ങൾ**

| **ക്രമ നമ്പർ** | **രോഗചികിത്സ** | **ധനസഹായതുക (മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി, പെൻഷണർ)**<br><br>**പ്രതിവർഷം പരമാവധി തുക (രൂപ)** |
|---|---|---|
| 1 | ഹൃദ്രോഗം | 50,000/– |
| 2 | വൃക്കരോഗം, ഡയാലിസിസ് | 50,000/– |
| 3 | കരൾ രോഗം | 20,000/– |
| 4 | കാൻസർ | 50,000/– |
| 5 | കണ്ണ് ചികിൽസ | 25,000/– |
| 6 | സ്ട്രോക്ക്, തളർവാതം, കിടപ്പുരോഗം | 20,000/– |
| 7 | മത്സ്യബന്ധന വേളയിൽ കൈകാലുകൾ മുറിഞ്ഞ് പോകുന്ന അവസ്ഥ | 10,000/– |
| 8 | ഓട്ടിസംചികിത്സ (മത്സ്യത്തൊഴിലാളിയുടെയും അനുബന്ധത്തൊഴിലാളികളുടെയും മക്കൾക്ക്) | 10,000/– |
| 9 | ഗർഭാശയ സംബന്ധമായ രോഗം 10,000/– (സ്ത്രീ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി ) | 10,000/– |